(ഡി) ഇപ്രകാരമുള്ള ചാർജ് കൈമാറ്റാം എത്ര കാലമായി തുടരുന്നു എന്ന് വിശദമാക്കാമോ;

(ഇ) ഈ രണ്ട് തസ്തികകളും വിപുലമായ കൃത്യനിർവ്വഹണ ചുമതലയുള്ളവ ആയതിനാൽ രണ്ടിലും സ്വതന്ത്ര ചാർജ്ജുള്ള വെവ്വേറെ ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) മുൻ ഹെൽത്ത് ട്രാൻസ്പോർട്ട് ആഫീസർ ആയിരുന്ന ശ്രീ. കെ. നരേന്ദ്രൻ നായർ 30-11-2000-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. തദവസരത്തിൽ ചാർജ് നൽകേണ്ടിയിരുന്ന ഏറ്റവും സീനിയറായിരുന്ന ശ്രീ. പി. വി. രാമദാസ് അപ്പോൾ കേരള സംസ്ഥാന ചെറുകിട വ്യവസായ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി ഡെപ്യൂട്ടേഷനിൽ ജോലി ചെയ്തു വരികയായിരുന്നു. ആ അവസരത്തിൽ സർവ്വീസിലുണ്ടായിരുന്ന അടുത്ത സീനിയർ ഉദ്യോഗസ്ഥനായ ശ്രീ. കെ. ശ്രീനിവാസനാചാരിക്ക് ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസറുടെ അധിക ചുമതല നല്കി. തുടർന്ന് ശ്രീ. പി. വി. രാമദാസ് ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ് ആരോഗ്യ വകുപ്പിൽ ചുമതലയേറ്റപ്പോൾ ഹെൽത്ത് ട്രാൻസ്പോർട്ട് ഓർഗനൈസേഷനിൽ അസിസ്റ്റന്റ് ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസർ, സർവ്വീസ് എൻജിനീയർ തുടങ്ങി വിവിധ തസ്തികകളിൽ 25 വർഷത്തിന് മുകളിൽ പ്രവർത്തി പരിചയവും മെക്കാനിക്കൽ എഞ്ചിനീയറിംഗിലും നിയമത്തിലും ബിരുദവും, ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ബിരുദാനന്തര ബിരുദവുമുള്ള ടിയാന് പൂർണ്ണ യോഗ്യതയുടെ അടിസ്ഥാനത്തിൽ ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസറുടെ അധിക ചുമതല നല്കുകയാണ് ഉണ്ടായത്.

(ഡി) 1-12-2000 മുതൽ 31-3-2002 വരെ ശ്രീ. കെ. എസ്. ശ്രീനിവാസൻ ആചാരിക്കും, തുടർന്ന് 1-4-2002 മുതൽ ശ്രീ. പി. വി. രാമദാസിനും ഹെൽത്ത് ട്രാൻസ്പോർട്ട് ഓഫീസറുടെ അധിക ചുമതല നല്കിയിട്ടുണ്ട്.

(ഇ) പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കുന്നതാണ്.

ആലപ്പുഴ ജില്ലയിലെ സ്റ്റാഫ് നഴ്സുമാരുടെ ഒഴിവുകൾ

161 [1637] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സുമാരുടെ എത്ര ഒഴിവുകൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 30 ഒഴിവുകൾ ഉണ്ട്.

(ബി) 30 ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം ഹെൽത്ത് സെന്ററിലെ ഇൻപേഷ്യന്റ് വിഭാഗത്തിൽ വേണ്ടത്ര സ്റ്റാഫിനെ നിയമിക്കാൻ നടപടി

162 [1638] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ വള്ളിക്കുന്നം ഹെൽത്ത് സെന്ററിലെ ഇൻപേഷ്യന്റ് വാർഡിൽ വേണ്ടത്ര സ്റ്റാഫ് ഇല്ലാത്തതിനാൽ രോഗികളെ കിടത്തി ചികിത്സിക്കുവാൻ കഴിയാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലുള്ള നിരോധനം മാറ്റി അവിടെ വേണ്ടത്ര തസ്തികകൾ സൃഷ്ടിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിൽ നിരോധനം നിലവിലുണ്ട്. ഇത് മാറുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

മിനിസ്റ്റീരിയൽ സൂപ്പർവൈസറി തസ്തികയിലേക്ക് പ്രൊമോഷൻ നടത്താൻ നടപടി

163 [1639] ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ മിനിസ്റ്റീരിയൽ സൂപ്പർവൈസറി തസ്തികയിലേക്ക് കഴിഞ്ഞ കുറേ നാളുകളായി പ്രൊമോഷൻ നടക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly